**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1130** **10-08-2023 - ൽ മറുപടിയ്ക്ക്**

**ഉടുമ്പൻചോല മണ്ഡലത്തിലെ ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഉടുമ്പൻചോല മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | ഉടുമ്പൻചോല മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗാർഹിക കണക്ഷൻ നൽകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്.<br><br>1.നെടുങ്കണ്ടം പഞ്ചായത്ത്<br><br>നെടുങ്കണ്ടം പഞ്ചായത്തിൽ 5930 കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃർത്തിയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതിലേക്കായി ടെൻഡർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട്.<br><br>2.പാമ്പാടുംപാറ പഞ്ചായത്ത്<br><br>പാമ്പാടുംപാറ പഞ്ചായത്തിലെ 4996 കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയാണ് ആരംഭിച്ചിരിക്കുന്നത്. ഇതിലേക്കായി വിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു.<br><br>3.ഉടുമ്പൻചോല പഞ്ചായത്ത്<br><br>ഉടുമ്പൻചോല പഞ്ചായത്തിലെ 4208 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തികൾക്കായി ടെൻഡർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി അവാർഡ് ചെയ്തിട്ടുണ്ട് .<br><br>4.വണ്ടന്മേട് പഞ്ചായത്ത്<br><br>വണ്ടന്മേട് പഞ്ചായത്തിലെ 6774 ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതിക്കായി വർക്ക് അവാർഡ് ചെയ്യുകയും പൈപ്പ് ലൈൻ വിതരണം ചെയ്യുന്ന പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>5.കരുണാപുരം പഞ്ചായത്ത് |

| | | | |
|---|---|---|---|
| | | | കരുണാപുരം പഞ്ചായത്തിലെ 6866 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിക്കായി ടെൻഡർ നടപടികൾ നടന്നു വരികയാണ്.<br><br><u>6.രാജാക്കാട് പഞ്ചായത്ത്</u><br><br>രാജാക്കാട് പഞ്ചായത്തിലെ 2812 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിക്കായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിരിക്കുകയാണ്.<br><br><u>7 .രാജകുമാരി പഞ്ചായത്ത്</u><br><br>രാജകുമാരി പഞ്ചായത്തിലെ 5214 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവർത്തനങ്ങളിലാണ് ടെൻഡർ നടന്നു വരുന്നത്. ഇതിലേക്കായി SLSSC-2 ൽ ഉൾപ്പെടുത്തി 464 ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങളിൽ വിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരികയാണ്.<br><br><u>8.സേനാപതി പഞ്ചായത്ത്</u><br><br>സേനാപതി പഞ്ചായത്തിലെ 3908 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തികളാണ് നടന്നു വരുന്നത്. ഇതിലേക്കായുള്ള വിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു.<br><br><u>9.ശാന്തൻപാറ പഞ്ചായത്ത്</u><br><br>ശാന്തൻപാറ പഞ്ചായത്തിലെ 3799 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തികളാണ് നടന്നു വരുന്നത്. ഇതിന്റെ വിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികകളും സ്റ്റീൽ ടാങ്ക് നിർമാണവും നടന്നു വരുന്നു.<br><br><u>10.ഇരട്ടയാർ പഞ്ചായത്ത്</u><br><br>ഇരട്ടയാർ പഞ്ചായത്തിലെ 7775 ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തനങ്ങളാണ് നടന്നു വരുന്നത്. SLSSC-2 ൽ ഉൾപ്പെടുത്തി നിലവിൽ 1671 ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ട്. ബാക്കി കണക്ഷൻ നൽകുന്ന പ്രവൃത്തികൾക്കായി വിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു.<br><br>ഉടുമ്പൻചോല മണ്ഡലത്തിൽ KRWSA മുഖേന നടപ്പിലാക്കുന്ന ജല ജീവൻ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു: |
| (ബി) | ഓരോ പഞ്ചായത്തിലും അനുവദിച്ചിട്ടുള്ള തുക, കുടിവെള്ളം എത്തിക്കാൻ ഉപയോഗപ്പെടുത്തുന്ന | (ബി) | ഓരോ പഞ്ചായത്തിലും അനുവദിച്ചിട്ടുള്ള തുക, സ്രോതസ്സ് എന്നിവ സംബന്ധിച്ച വിശദാംശം |

| | | | |
|---|---|---|---|
| | സ്രോതസ് എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ; | | അനുബന്ധം 2 ആയി ചേർക്കുന്നു: |
| (സി) | അഞ്ചുരുളി പ്രദേശത്ത് നിന്നും കുടിവെള്ളം കൊണ്ടുവരുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജല ജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് അഞ്ചു പഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന്റെ ഭാഗമായി 35 എം എൽ ഡി ജല ശുദ്ധീകരണ ശാല സ്ഥാപിക്കുന്നതിന് അഞ്ചുരുളി ഭാഗത്തു കെ എസ് ഇ ബി യുടെ അധീനതയിലുള്ള ഒരു ഏക്കർ സ്ഥലം ഇടുക്കി താലൂക്ക് സർവേയർ അളന്ന് തിട്ടപ്പെടുത്തി ജല അതോറിറ്റിക്ക് കൈമാറുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് NOC നൽകിയ സ്ഥലം (ഇടുക്കി ഹൈഡ്രോ ഇലക്ട്രിക്ക് പ്രോജക്റ്റിന്റെ മൂന്ന് ചെയിനിൽ ഉൾപ്പെട്ട സ്ഥലം ) ശ്രീ എ എം ചാക്കോ ഇട്ടിയിൽ, നരിയം പാറ എന്ന സ്വകാര്യ വ്യക്തിയുടെ കൈ വശത്തിൽ ആണെന്ന് കാണിച്ചു OS 342/2022 ആയി ബഹു.കട്ടപ്പന മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട് . ഇത് കാരണം ഭരണാനുമതി നൽകിയ317 കോടി രൂപയുടെ 5 പഞ്ചായത്തുകളിലെ 18835 കുടുംബങ്ങൾക്കുള്ള കുടിവെള്ള കണക്ഷനുകൾ നല്കാൻ കഴിയാത്ത അവസ്ഥയിലാണ് . |
| (ഡി) | ഈ പ്രശ്നവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി, നടപടികളിന്മേലുള്ള പുരോഗതി ഇവ സംബന്ധിച്ച വിശദാംശം നൽകാമോ? | (ഡി) | ഈ വിഷയം ബഹു. കോടതിയുടെ പരിഗണനയിലാണ്. 07.08.2023 ൽ ബഹു. കോടതിയിൽ വിഷയം പരിഗണിക്കുവാൻ ഇരിക്കെ സ്വകാര്യ വ്യക്തി പ്ലാന്റ് പണിയുന്നതിനുള്ള സ്ഥലത്തു അനധികൃത കെട്ടിട നിർമാണം നടത്തുകയും കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിക്ക് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ കത്ത് പ്രകാരം കാഞ്ചിയാർ ഗ്രാമ പഞ്ചായത്തിൽ നിന്ന് ഈ കക്ഷിക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്തു. സ്റ്റോപ്പ് മെമ്മോ നിലനിൽക്കെ വീണ്ടും അനധികൃതമായി കെട്ടിട നിർമാണം ശ്രദ്ധയിൽ പ്പെടുകയും കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത്, കട്ടപ്പന പോലീസ് സ്റ്റേഷനിൽ വിവരം അറിയിച്ചതിനെ തുടർന്ന് പണികൾ നിർത്തി വക്കുകയും ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| ക്രമ നമ്പർ | പഞ്ചായ ത്തിന്റെ പേര് | സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ച FHTC കൾ | സാങ്കേതിക അനുമതി നൽകിയ FHTC കൾ | ടെണ്ടർ നൽകിയ FHTC കൾ | വർക്ക് അവാർഡ് ചെയ്തത FHTC കൾ | നൽകിയ FHTC കണക്ഷനു കളുടെ എണ്ണം. | ബാക്കി നൽകാനുള്ള FHTC കണക്ഷനു കളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | നെടുംകണ്ടം | 120 | 120 | 120 | 120 | 120 | 0 |
| 2 | പാമ്പാടുംപാറ | 35 | 35 | 35 | 35 | 35 | 0 |
| 3 | രാജാക്കാട് | 35 | 35 | 35 | 35 | 35 | 0 |
| 4 | സേനാപതി | 828 | 828 | 828 | 828 | 165 | 663*** |

*** സേനാപതി പഞ്ചായത്തിൽ ബാലൻസ് ഉള്ള 663 FHTC കണക്ഷനുകളിൽ 231 HTC കണക്ഷനുകൾ നൽകിയിട്ടുണ്ട്.

**അനുബന്ധം 2**

| | പഞ്ചായത്ത് | തുക | സ്രോതസ്സ് |
|---|---|---|---|
| 1 | നെടുങ്കണ്ടം | 11676.67 | ഇടുക്കി അഞ്ചുരുളി |
| 2 | പാമ്പാടുംപാറ | 7624.12 | ഇടുക്കി അഞ്ചുരുളി |
| 3 | വണ്ടന്മേട് | 7385.31 | തേക്കടി തടാകം |
| 4 | കരുണാപുരം | 7032.30 | തേക്കടി തടാകം |
| 5 | ഉടുമ്പൻചോല | 7859.54 | പൊന്മുടി തടാകം |
| 6 | രാജാക്കാട് | 7478.79 | പൊന്മുടി തടാകം |
| 7 | രാജകുമാരി | 6797.14 | പന്നിയാർ നദി |
| 8 | സേനാപതി | 6058.64 | പന്നിയാർ നദി |
| 9 | ശാന്തൻപാറ | 3956.94 | പന്നിയാർ നദി |
| 10 | ഇരട്ടയാർ | 6116.52 | ഇരട്ടയാർ ഡാം |